# അനുധാവനം

## ഫോളോഅപ്പ്

വിലക്കയറ്റവുമായി ജനങ്ങൾ പെട്ടെന്നു പൊരുത്തപ്പെട്ടു പോകുന്ന കേരളത്തിൽ – ആദ്യത്തെ ഒരാഴ്ച; കൂടിയാൽ രണ്ടാഴ്ചത്തെ ഒരു മുറുമുറുപ്പ്; അതു കഴിഞ്ഞാൽ ജനം അതുമായി ധാരണയിലെത്തുന്നു. പക്ഷെ, ഭാരതീയ ജനതാപാർട്ടിക്ക് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ നേരിട്ട ദയനീയ പരാജയത്തിനു മുഖ്യകാരണം വിലക്കയറ്റത്തിനെതിരായ ജനവികാരം തന്നെയാണ് എന്നു വ്യക്തം. വിലക്കയറ്റത്തെ ചെറുക്കാനായി ഒരു ദേശീയ പലവ്യഞ്ജന കൈമാറ്റകേന്ദ്രം രൂപീകരിക്കാനുള്ള ശ്രമത്തിലാണ് കേന്ദ്രസർക്കാർ എന്നറിയുന്നു. പലവ്യഞ്ജനങ്ങളുടെ അവധിക്കച്ചവടമായിരിക്കും ഇവിടെ നടക്കുക.

അതായത്, രണ്ടു മാസമോ മൂന്നുമാസമോ ആറുമാസമോ കഴിഞ്ഞ് ഇത്ര വിലയ്ക്ക് ഇന്ന ചരക്ക് ഇത്ര ടൺ തരാമെന്ന് ഇപ്പോഴേ കച്ചവടമുറപ്പിക്കുന്നു. ഉദാഹരണത്തിന് 1999 മാർച്ച് ഒന്നാം തീയതി കിലോയ്ക്ക് 10 രൂപ വച്ച് പതിനായിരം കിലോ അരി തരാമെന്ന് ഒരു കർഷകൻ അല്ലെങ്കിൽ ഇടത്തട്ടുകാരൻ അരി കച്ചവടം ചെയ്യുന്ന വ്യാപാരി അല്ലെങ്കിൽ ഏജൻസിയുമായി ഇപ്പോൾ കരാറിൽ ഏർപ്പെടുന്നു. ഇതുപോലെ മറ്റുത്പന്നങ്ങളുടെ കാര്യത്തിലും മുൻകൂർ കച്ചവടം നടക്കുന്നു. അങ്ങനെ മൂന്നോ നാലോ മാസം കഴിഞ്ഞാലുള്ള സമയത്ത് ഒരു ചരക്കിന്റെ വില എന്തായിരിക്കുമെന്ന് ഇപ്പോഴേ നിശ്ചയിക്കാനാകും. പൂഴ്ത്തിവയ്പുകാർക്ക് കൃത്രിമമായ വിലക്കയറ്റം പെട്ടെന്നുണ്ടാക്കാൻ കഴിയില്ല. ഉത്പാദകനും കച്ചവടക്കാരനും ഉപഭോക്താവിനും വിലയെക്കുറിച്ച് മുൻ ധാരണ ലഭിക്കുന്നു എന്നതാണിതിന്റെ മെച്ചം. ഒറ്റനോട്ടത്തിൽ, നല്ലൊരു പദ്ധതിയായിട്ടാണ് തോന്നുന്നത്. പക്ഷെ, പദ്ധതിയുടെ വിശദാംശങ്ങളോ പദ്ധതി പ്രായോഗികതലത്തിൽ എന്നു നടപ്പിൽവരും എന്നതിന്റെ സൂചനകളോ ലഭിച്ചിട്ടില്ല.

### ശമ്പള പരിഷ്കരണം

സർക്കാർ ജീവനക്കാർക്കു കൊടുക്കുന്ന ആനുകൂല്യങ്ങളെ പലമടങ്ങ് പെരുപ്പിച്ചു പത്രങ്ങൾക്കു വാർത്ത നല്കുകയും അങ്ങിനെ സർക്കാർ ജീവനക്കാരെയും സാധാരണ ജനങ്ങളെയും ശത്രുക്കളാക്കുകയും ചെയ്യുന്ന രീതി പൊതുവേ ഭരണകൂടങ്ങൾ പിന്തുടർന്നുവരുന്നുണ്ട്. ഇത്തവണത്തെ ശമ്പള പരിഷ്കരണവും അതുപോലൊന്നാണ്. ആദ്യദിവസം പത്രങ്ങളിൽ വന്ന കണക്കുകളല്ല യഥാർഥ ഉത്തരവിലുള്ളത്. അതുകൊണ്ടുതന്നെ ആദ്യദിവസത്തെ വാർത്ത കേട്ട് പടക്കം പൊട്ടിച്ച ഭരണപക്ഷ സർവീസ് സംഘടനകൾ തന്നെ ഇപ്പോൾ അമർഷത്തിലാണ്.

### ഹെപ്പറ്റൈറ്റിസ്–ബി

ഹെപ്പറ്റൈറ്റിസ്–ബിയെ കേരളമാകെ വിഴുങ്ങാൻ വരുന്ന ഒരു മഹാരോഗമെന്ന നിലയിൽ അവതരിപ്പിച്ച് അതിനെതിരേ വാക്സിനേഷൻ ക്ലാസുകൾ നടത്തുന്നത് ലാഭക്കൊതിയന്മാരായ മരുന്ന് കമ്പനികളുടെ കുതന്ത്രമാണെന്നു വ്യക്തമാക്കപ്പെട്ടുകഴിഞ്ഞു. ഹെപ്പറ്റൈറ്റിസ്– ബിക്കെതിരായ ലേഖനം തയാറാക്കുമ്പോൾ അതൊരൊറ്റപ്പെട്ട ശബ്ദമായിപ്പോകുമോ എന്നു ഞങ്ങൾ സംശ



യിച്ചിരുന്നു. പക്ഷെ, ശാസ്ത്രസാഹിത്യ പരിഷത് ഇപ്പോൾ ഈ വാക്സിനേഷൻ അനാവശ്യമാണെന്നും ചില തല്പര കക്ഷികളുടെ കീശ വീർപ്പിക്കാനുള്ള കുതന്ത്രമാണെന്നും വ്യക്തമാക്കിക്കഴിഞ്ഞു. മാധ്യമം ആഴ്ചപ്പതിപ്പിൽ വിശദമായ ഒരു ലേഖനവും വന്നു. കേരളീയന്റെ വാക്സിനേഷൻ ഭ്രാന്തിന് ഒരു വീണ്ടുവിചാരം ആവശ്യമാണെന്നു പല കേന്ദ്രങ്ങളും അംഗീകരിക്കുന്നുണ്ട്.

### പെൻഷൻ പ്രായം

പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ജീവനക്കാരിൽ തന്നെ ഭൂരിപക്ഷവും ഒരു ന്യായമായ ആവശ്യമായി കാണുന്നില്ല എന്നാണ് ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ പറയുന്നത്. സർവീസിൽ മുപ്പത് വർഷം തികച്ചാലേ ഇപ്പോഴത്തെ നിയമമനുസരിച്ച് ഒരു ജോലിക്കാരനു മുഴുവൻ പെൻഷൻ ലഭിക്കുകയുള്ളു. (അവസാനമാസത്തെ ശമ്പളത്തിന്റെ പകുതിയോളമാണ് മുഴുവൻ പെൻഷൻ). ഇന്നിപ്പോൾ മുപ്പത് വയസ് കഴിഞ്ഞിട്ടാണ് ഭൂരിഭാഗം പേർക്കും പി.എസ്.സി. വഴി ജോലി ലഭിക്കുന്നത്. അങ്ങനെ വരുമ്പോൾ ഇക്കൂട്ടർക്കൊന്നും പെൻഷൻ പ്രായം കൂട്ടിയില്ലെങ്കിൽ മുഴുവൻ പെൻഷൻ ലഭിക്കില്ല. ഈയൊരു പ്രശ്നമാണ് പെൻഷൻപ്രായം ഉയർത്താനായി സാധാരണക്കാരായ ഉദ്യോഗസ്ഥർ പറയുന്ന കാരണം. പെൻഷൻ പ്രായം 5 വർഷം കൂട്ടുന്നതിനു പകരം മുഴുവൻ പെൻഷൻ ലഭിക്കാൻ 30 വർഷം ജോലി ചെയ്യണമെന്ന വ്യവസ്ഥ മാറ്റി 25 വർഷം ജോലി ചെയ്താൽ മതിയെന്നാക്കിയാൽ പോരേ എന്നു ചോദിച്ചാൽ അതുമതി എന്നാണ് ഭൂരിഭാഗം ഉദ്യോഗസ്ഥരുടെയും അഭിപ്രായം. എന്നാൽ, ശമ്പളത്തിനു പുറമേ ധാരാളമായി കിമ്പളം തരപ്പെടുന്ന വകുപ്പുകളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പെൻഷൻപ്രായം തന്നെ ഉയർത്തണമെന്ന പിടിവാശി തന്നെയുണ്ട്.

അവരെ സംബന്ധിച്ചിടത്തോളം പെൻഷൻ തുകയല്ല; മറിച്ചു രണ്ടോ മൂന്നോ കൊല്ലം കൂടി ഉദ്യോഗത്തിലിരുന്നാൽ തരപ്പെടുത്താവുന്ന കിമ്പളത്തുകയാണ് പ്രശ്നം. കൂട്ടത്തിൽ, തങ്ങളുടെ പെൻഷൻ പ്രായം ഉയർത്തേണ്ടതില്ല എന്നു മുഖ്യമന്ത്രിക്കു കാർഡയച്ച് തൊഴിലന്വേഷകരായ ചെറുപ്പക്കാരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും ഉദ്യോഗസ്ഥർക്കിടയിൽ ആൾക്കാരുണ്ട്. 'കേരള സംസ്ഥാന സർക്കാർ ജീവനക്കാരുടെ കൂട്ടായ്മ' എന്ന സംഘടനയാണ് ഈ കാർഡ് കാമ്പയിൻ നടത്തുന്നത് (വിശദവിവരത്തിന് മീഡിയാ മേറ്റ്, മറ്റത്തൂർ പി.ഒ., തൃശൂർ – 680 692 എന്ന വിലാസത്തിൽ എഴുതുക).